Draft #5 of File 65149/AC A10-4/2021/AC A 10 Approved by ASSISTANT REGISTRAR IV (ACADEMIC) on 22-Dec-2023 04:14 PM - Page 1

15 YEARS OF CELEBRATING THE MAHATMA

MAHATMA GANDHI UNIVERSITY KOTTAYAM
विद्यया अमृतमश्नुते

**മഹാത്മാഗാന്ധി സർവ്വകലാശാല, കേരളം**

**സംഗ്രഹം**

പിഎച്ച്.ഡി. പ്രോഗ്രാം - ഡ്രിൽബിറ്റ് എക്സ്ട്രീം പ്ലേജിയറിസം ഡിറ്റക്ഷൻ സോഫ്റ്റ്‌വെയർ - എല്ലാ വിഷയങ്ങൾക്കും സർവകലാശാലാ ലൈബ്രറിയിൽ നിന്നും ലഭിക്കുന്ന പ്ലേജിയറിസം സർട്ടിഫിക്കറ്റ് ഹാജരാക്കുന്നത് സംബന്ധിച്ച് - ഉത്തരവ് പുറപ്പെടുവിക്കുന്നു.

---

**അക്കാദമിക് എ 10 സെക്ഷൻ**

നമ്പർ. 12823/AC A 10/2023/എം.ജി.യു          പ്രിയദർശിനി ഹിൽസ്,തീയതി: 22.12.2023

---

*പരാമർശം:*-1. സർവ്വകലാശാലാ അസിസ്റ്റന്റ് ലൈബ്രേറിയൻ ഇൻ ചാർജ്ജിന്റെ 10/11/2023 തീയതിയിലെ 727/MGUL/DS/PLA/2023 നമ്പർ റിപ്പോർട്ട്

**ഉത്തരവ്**

2023 ഒക്ടോബർ 1 മുതൽ സർവകലാശാല ലൈബ്രറിയിൽ പി.എച്.ഡി / എം.ഫിൽ തീസിസുകളുടെ പ്ലേജിയറിസം പരിശോധിച്ച് റിപ്പോർട്ട് / സർട്ടിഫിക്കറ്റ് നൽകുന്നത് "ഡ്രിൽബിറ്റ് - എക്സ്ട്രീം" എന്ന സോഫ്റ്റ്‌വെയർ ഉപയോഗിച്ചാണ്. ഡ്രിൽബിറ്റ് - എക്സ്ട്രീം പ്ലേജിയറിസം ഡിറ്റക്ഷൻ സോഫ്റ്റ്‌വെയർ എല്ലാ വിദേശ ഭാഷകളിലും, കൂടാതെ കന്നഡ, ഹിന്ദി, ഉറുദു, തെലുങ്ക്, തമിഴ്, മലയാളം, പഞ്ചാബി, ബംഗാളി, മറാത്തി, ആസാമീസ്, ഗുജറാത്തി, സംസ്കൃതം, കാശ്മീരി, മൈഥിലി, മണിപ്പൂരി, ഒറിയ, എന്നീ പ്രാദേശിക ഭാഷകളിലേയും പ്ലേജിയറിസം പരിശോധനയെ പിന്തുണയ്ക്കുന്നതായി സൂചന (1) പ്രകാരം സർവകലാശാല ലൈബ്രറിയിൽ നിന്നും റിപ്പോർട്ട് ചെയ്തിരുന്നു.

നിലവിൽ പ്ലേജിയറിസം പരിശോധന സംബന്ധിച്ച്, ഇംഗ്ലീഷ് ഭാഷ, മറ്റു വിഷയങ്ങൾ എന്നിവയിൽ സർവ്വകലാശാലാ ലൈബ്രറിയിൽ നിന്നും OURIGINAL എന്ന സോഫ്റ്റ് വെയർ ഉപയോഗിച്ചു പരിശോധിച്ച ശേഷം ലഭിക്കുന്ന സർട്ടിഫിക്കറ്റും, ഇംഗ്ലീഷ് ഭാഷാ വിഷയം ഒഴികെയുള്ള മറ്റു വിദേശ ഭാഷകൾ, മലയാളം, സംസ്കൃതം, ഹിന്ദി മുതലായ പ്രാദേശിക ഭാഷകൾ എന്നിവയ്ക്കും, ഗവേഷണ മാർഗ്ഗദർശിമാർ സാക്ഷ്യപ്പെടുത്തി നൽകുന്ന പ്ലേജിയറിസം സർട്ടിഫിക്കറ്റുകളുമാണ് സ്വീകരിച്ച് വന്നിരുന്നത്.

പുതുതായി ഏർപ്പെടുത്തിയ ഡ്രിൽബിറ്റ്-എക്സ്ട്രീം പ്ലേജിയറിസം ഡിറ്റക്ഷൻ സോഫ്റ്റ്‌വെയർ ഉപയോഗിച്ച് എല്ലാ വിദേശ ഭാഷകളിലും, കൂടാതെ കന്നഡ, ഹിന്ദി, ഉറുദു, തെലുങ്ക്, തമിഴ്, മലയാളം, പഞ്ചാബി, ബംഗാളി, മറാത്തി, ആസാമീസ്, ഗുജറാത്തി, സംസ്കൃതം, കശ്മീരി, മൈഥിലി, മണിപ്പൂരി, ഒറിയ എന്നീ പ്രാദേശിക ഭാഷകളിലും പ്ലേജിയറിസം പരിശോധന നടത്താമെന്നിരിക്കെ, വിദേശ ഭാഷകൾ / പ്രാദേശിക ഭാഷാ വിഷയങ്ങൾ എന്നിവയിൽ ഗവേഷണം നടത്തി സമർപ്പിക്കപ്പെടുന്ന പ്രബന്ധങ്ങളോടൊപ്പം ഹാജരാക്കുന്ന ഗവേഷണ മാർഗദർശി നൽകുന്ന ആന്റി - പ്ലേജിയറിസം സർട്ടിഫിക്കറ്റിനു പകരമായി ഇനി മുതൽ, എല്ലാ വിഷയങ്ങളിലും സർവകലാശാലാ ലൈബ്രറിയിൽ നിന്നും ലഭിക്കുന്ന പ്ലേജിയറിസം സർട്ടിഫിക്കറ്റ് ഹാജരാക്കുന്നതിന് ബഹു. വൈസ് ചാൻസലർ ഉത്തരവായിട്ടുള്ളതാണ്.

തദനുസരണം ഉത്തരവ് പുറപ്പെടുവിക്കുന്നു.

സെബാസ്റ്റ്യൻ പി ജോസഫ്

അസിസ്റ്റന്റ് രജിസ്ട്രാർ 4 (അക്കാദമിക്)
രജിസ്ട്രാർക്ക് വേണ്ടി

പകർപ്പ്

1. വൈസ്-ചാൻസലറുടെ പി. എസ്. / രജിസ്ട്രാറുടെ പി. എ.
2. റിസേർച്ച് ഡയറക്ടർ / ഗവേഷണ കേന്ദ്ര മേധാവിമാർ / ഗവേഷണ മാർഗദർശികൾ
3. സർവകലാശാല പഠന വകുപ്പ് / സെന്റർ /സ്കൂൾ /ഡിപ്പാർട്ട്മെന്റ് മേധാവികൾക്ക്
4. Ac A II, Ac A VI, Ac A XI, Ac A XIII, Ac A XIV, Ac A XV സെക്ഷനുകൾ
5. പി.ആർ.ഒ. / ഡയറക്ടർ, ഐ.ടി. സെൽ / സർവകലാശാല ലൈബ്രേറിയൻ
6. സ്റ്റോക്ക് ഫയൽ / ഫയൽ നം. 65149 /AC A10-4/2021/AC A10

ഉത്തരവിൻ പ്രകാരം

സെക്ഷൻ ഓഫീസർ

മഹാത്മാഗാന്ധി സർവ്വകലാശാല, കേരളം